പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.260 — 12.01.2021 ൽ മറുപടിക്ക്

## പാറശ്ശാല നിയോജകമണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.സി.കെ.ഹരീന്ദ്രൻ: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ആയതിലേക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ; | (എ) | ആർദ്രം പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ 6 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുകയും ഇവിടങ്ങളിൽ അധിക ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ചികിത്സ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഒ.പി സമയം രാവിലെ 9 മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തിച്ചു വരുന്നു. സ്പെഷ്യാലിറ്റി സേവനങ്ങളായ ശ്വാസ്, ആശ്വാസ് എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. നയനാമൃതം പദ്ധതി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് ടോക്കൺ സിസ്റ്റം, അഡ്വാൻസ് ബുക്കിംഗ് എന്നിവയും ലഭ്യമാണ്. 60 വയസ്സ് കഴിയാത്തവർക്ക് പ്രത്യേക കൗണ്ടറും പ്രവർത്തിക്കുന്നു. പഞ്ചായത്തടിസ്ഥാനത്തിൽ ആർദ്രം പദ്ധതിക്ക് വേണ്ടി ചിലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2017-18<br><br>ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് - പൂഴനാട് കുടുംബാരോഗ്യ കേന്ദ്രം : 14,47,826/- രൂപ<br><br>2018-19<br><br>1. അമ്പൂരി ഗ്രാമപഞ്ചായത്ത് - അമ്പൂരി കുടുംബാരോഗ്യ കേന്ദ്രം : 12,68,746/- രൂപ |

| | | | |
|---|---|---|---|
| | | | 2. കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് - കുന്നത്തുകാൽ കുടുംബാരോഗ്യ കേന്ദ്രം : 53,25,378/- രൂപ<br>3. കൊല്ലയിൽ ഗ്രാമപഞ്ചായത്ത് - കൊല്ലയിൽ കുടുംബാരോഗ്യ കേന്ദ്രം : 18,29,971/- - രൂപ<br>4. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് - കള്ളിക്കാട് ന്യൂ കുടുംബാരോഗ്യ കേന്ദ്രം : 12,22,661/- രൂപ |
| (ബി) | 2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പെരുങ്കടവിള സി.എച്ച്.സി.ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ട് കോടി രൂപ അനുവദിച്ചിരുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ച രണ്ട് കോടി രൂപയുടെ പണികൾ സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പാറശ്ശാല താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രിയിൽ ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിന്റെ അടങ്കൽതുകയും പ്രവർത്തന പുരോഗതിയും അറിയിക്കാമോ? | (സി) | പാറശ്ശാല ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**2016-17**<br>5,72,985/- രൂപയുടെ ബ്ലോക്ക് പ്രോജക്റ്റ് ഫണ്ട് ഉപയോഗിച്ച് മോർച്ചറി ഫ്രീസർ വാങ്ങുകയും ആയത് ഉപയോഗിക്കുകയും ചെയ്യുന്നു. 28,00,000/- രൂപയുടെ ജനറേറ്റർ വാങ്ങി ഉപയോഗിച്ച് വരുന്നു. ഒരു കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.എം.എസ്.സി.എൽ വഴി ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു. ദിവസേന 12 പേർക്ക് രണ്ട് ഷിഫ്റ്റായി ഡയാലിസിസ് നടത്തുകയും ചെയ്യുന്നുണ്ട്.<br>**2017-18**<br>പ്ലാൻ ഫണ്ട് ഉപയോഗിച്ച് 16,50,000/- രൂപയുടെ എം.ആർ.എൽ കെട്ടിടം നവീകരിച്ചിട്ടുണ്ട്. 23,13,904/- രൂപയുടെ ബ്ലോക്ക് പ്രോജക്റ്റ് ഫണ്ട് ഉപയോഗിച്ച് ഖര മാലിന്യ സംസ്കരണ പ്ലാന്റ് പണിയുകയും ആയത് ഇപ്പോൾ ഉപയോഗത്തിലുമാണ്.<br>**2018-19**<br>9,03,312/- രൂപയുടെ ബ്ലോക്ക് പ്രോജക്റ്റ് ഫണ്ട് ഉപയോഗിച്ച് പാലിയേറ്റീവ് കെയർ ആംബുലൻസ് വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 30,00,000/- രൂപയുടെ ആധുനിക മോർച്ചറി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. 4,00,000/- രൂപയുടെ ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് മോർച്ചറി ഉപകരണങ്ങൾ വാങ്ങി ഉപയോഗിച്ച് വരുന്നു. 1,65,00,000/- രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പുതിയ മാതൃശിശു മന്ദിരത്തിന്റെ 95% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ ലിഫ്റ്റിനാവശ്യമായ പണികൾ നടക്കുകയാണ്. 2,20,00,000/- രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് എൻ.എച്ച്.എം മുഖേന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാനിന്റെ പണികൾ പൂർത്തീകരിക്കുകയും ആയത് ഉപയോഗത്തിലുമാണ്.<br>**2019-20**<br>5,00,000/- രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മെഡിക്കൽ റെക്കോർഡ് കെട്ടിടം നവീകരിച്ചിട്ടുണ്ട്. 10,00,000/- രൂപയുടെ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് സ്ത്രീകൾക്കായി വിശ്രമ മന്ദിരം നിർമ്മിക്കുകയും ആയത് ഇപ്പോൾ ഉപയോഗത്തിലുമാണ്. 15,42,000/- രൂപയുടെ ബ്ലോക്ക് ഫണ്ട് പ്രൊജക്ട് വഴി പവർ ലാൺട്രി കെട്ടിടം നിർമ്മിച്ചു വരുന്നു. 5,00,000/- രൂപയുടെ ബ്ലോക്ക് പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് വാർദ്ധക്യ സൗഹൃദ നടപ്പാത നിർമ്മിക്കുകയും ആയത് ഇപ്പോൾ ഉപയോഗിച്ച് വരുന്നു.<br>**2020-21**<br>5,04,650/- രൂപയുടെ ബ്ലോക്ക് പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി കോവിഡ് പ്രതിരോധം നടപ്പിലാക്കി വരുന്നു. 2,89,19,776/- രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് പണിയുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിന് എസ്റ്റിമേറ്റ് നൽകുകയും യൂണിറ്റിന്റെ പണികൾ പുരോഗമിച്ചും വരുന്നു. |

സെക്ഷൻ ഓഫീസർ